ടാലന്റഡ് ബാങ്കേഴ്സിന്റെ അടുത്ത പൂരത്തിന് വിളംബരം മുഴങ്ങിക്കഴിഞ്ഞു.
2023 ലെ ടി ബി പൂരത്തിൽ ഏറെ തലയെടുപ്പോടെ ശ്രദ്ധ നേടിയ ഒരു കലാകാരൻ ഉണ്ട്. അനുശീലന്റെ ഒരു മെഗാപരിപാടിയിൽ തീരെ അപ്രതീക്ഷിതമായി "മോഹമുന്തിരി വാറ്റിയ രാവ്...സ്നേഹരതിയുടെ രാസനിലാവ്.... എന്ന നൃത്തത്തിന് ചുവട് വച്ചെത്തിയ മാദകസുന്ദരി. നർത്തകികളെ തോൽപ്പിക്കുന്ന അംഗലാവണ്യത്തോടെ ചുവട് വച്ച്, രൂപമാറ്റത്തിലൂടെ കാണികളെ വിസ്മയിപ്പിച്ച ആ കലാകാരനെ ഞങ്ങൾ ഇത് പോലെ ഒരു നാളിന് വേണ്ടി കാത്ത് വയ്ക്കുകയായിരുന്നു. കലാസ്വാദകരെ തൊട്ട് തൊട്ട് നിന്ന് മുത്തമിട്ടു പോയ ആ പ്രതിഭയിലൂടെ ഈ ദളം വിടരുന്നു.

അനുദാസ്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
റീജിയണൽ ഓഫീസ്
എറണാകുളം.

കൊല്ലം സ്വദേശികളാണ് അനുദാസിന്റെ അച്ഛനും അമ്മയും. അച്ഛൻ ദേവദാസൻപിള്ള വിദേശത്തായിരുന്നു. അമ്മ പത്മാദേവി അമ്മ വീട്ടമ്മയും. ഏക സഹോദരി അനുജാ ദാസ് ഇന്ന് കുടുംബമായി മസ്കറ്റിലാണ്.

കൊല്ലം ജില്ലയിൽ പരവൂരിനടുത്ത് നെടുങ്ങോലത്തായിരുന്നു അനുദാസിന്റെ കുട്ടിക്കാലം. നാലാം ക്ലാസ് വരെ ചാത്തന്നൂർ വിമല സെൻട്രൽ സ്കൂളിലായിരുന്നു വിദ്യാഭ്യാസം. അഞ്ചു മുതൽ പ്ലസ് ടു വരെ ചാത്തന്നൂർ ശ്രീനികേതൻ സെൻട്രൽ സ്കൂളിലും. പഠനത്തിൽ ഏറെ മികവ് പുലർത്തിയിരുന്ന വിദ്യാർത്ഥിയായിരുന്നു അനുദാസ്. പത്താം ക്ലാസ് സി ബി എസ് സി പരീക്ഷയിൽ സ്കൂളിലെ ഒന്നാം സ്ഥാനക്കാരൻ. സ്കൂളിലെ ക്വിസ് മത്സരങ്ങളിൽ സ്ഥിരം ജേതാവ്.

പ്ലസ് ടു പഠനത്തിനുശേഷം അനുദാസ് തന്റെ ആഗ്രഹപ്രകാരം ഇന്ത്യൻ നേവിയിൽ ജോലിക്ക് ചേർന്നു.
വിശാഖപട്ടണത്തായിരുന്നു ആദ്യ നിയമനം. അവിടെനിന്നും വേദാരണ്യത്തിലേക്കും തുടർന്ന് പോർട്ട് ബ്ലെയറിലേക്കും. പിന്നീട് കൊല്ലം എൻ സി സി ഓഫീസിലേക്കും തുടർന്ന് കൊച്ചി നേവൽ ഹെഡ് ക്വാർട്ടറിലേക്കും.

വിശാഖപട്ടണത്ത് ജോലി ചെയ്യുന്ന കാലത്ത് വിദൂര വിദ്യാഭ്യാസ സംവിധാനം വഴി അനുദാസ് ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. ക്രിക്കറ്റ് ഭ്രമം കൊണ്ട് 2001 മുതൽ 2005 വരെ തുടർച്ചയായി അഞ്ചു വർഷങ്ങളിൽ വിശാഖ് ജില്ലാ ക്രിക്കറ്റ് ലീഗിൽ സജീവ പങ്കാളിത്തം. അക്കാലത്ത് തന്നെ ക്രിക്കറ്റിന് പുറമേ ഹോക്കിയിലും

ഹാൻഡ് ബോളിലും ഒക്കെ ഗോൾകീപ്പർ ആയി തന്റെ കഴിവ് തെളിയിക്കാനും അനുദാസിന് കഴിഞ്ഞു.നേവിയിലെ ജോലിയിൽ ഇരിക്കെ മലേഷ്യ, സിംഗപ്പൂർ, കമ്പോഡിയ, ഫിലിപ്പൈൻസ് തുടങ്ങിയ നിരവധി രാജ്യങ്ങൾ സന്ദർശിക്കാൻ അവസരം ലഭിച്ചു.

2009 ലാണ് കൊല്ലം സ്വദേശിനി ശ്രുതി അനുദാസിന്റെ ജീവിതപങ്കാളിയാവുന്നത്. ശ്രുതിയുടെ അച്ഛൻ കൊല്ലത്തെ അറിയപ്പെടുന്ന ഒരു നൃത്ത സംഗീത അധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ ശ്രുതി സ്കൂൾ ഓഫ് മ്യൂസിക് ആൻഡ് ഡാൻസ് കൊല്ലത്ത് ഏറെ അറിയപ്പെടുന്ന ഒരു വിദ്യാലയമാണ്.

2015 ഫെബ്രുവരിയിൽ നേവിയിൽ നിന്നും വിരമിച്ച അനുദാസ് ആ വർഷം മേയിൽ തന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ജീവനക്കാരനായി. എറണാകുളം റീജിയണൽ ഓഫീസിലായിരുന്നു ആദ്യ നിയമനം. റീജിയണൽ ഓഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ ജോലി നോക്കുന്ന അനുദാസ് ഈ കഴിഞ്ഞ 11 വർഷങ്ങളായി അതേ വിഭാഗത്തിൽ തന്നെ ജോലി ചെയ്യുന്നു എന്നത് ആ ജീവനക്കാരന്റെ കഴിവിന് ബാങ്ക് നൽകിയ അംഗീകാരമായാണ് കാണേണ്ടത്. നാല് വർഷം കാർ വായ്പയിലും മൂന്ന് വർഷം വിദ്യാഭ്യാസ വായ്പയിലും മൂന്ന് വർഷം ഭവനവായ്പയിലുമൊക്കെയായി മാർക്കറ്റിംഗ് വിഭാഗത്തിൽ ജോലി ചെയ്യുകയും ഏറ്റവും നല്ല പെർഫോമർ ആയി അംഗീകാരങ്ങൾ നേടുകയും ചെയ്തു. പോരാത്തതിന് എം ഡി യുടെ നേരിട്ടുള്ള പ്രശംസയും അനുദാസിനെ തേടിയെത്തി.

കാർ ലോൺ വിഭാഗത്തിൽ ജോലി ചെയ്യുമ്പോൾ ഒരു മാസം 68 കാറുകൾക്ക് വരെ വായ്പ നൽകാൻ അനുദാസിന് കഴിഞ്ഞു. 2025-26 സാമ്പത്തിക വർഷം ഭവനവായ്പ ഇനത്തിൽ അനുദാസ് മാത്രം ചെയ്ത ബിസിനസ് 190 കോടിയുടേതാണ്. കഴിഞ്ഞ ഒരു മാസം ചെയ്യാൻ കഴിഞ്ഞത് 35 കോടിയുടെ ബിസിനസ്. തന്റെ കലാപ്രവർത്തനങ്ങൾക്കിടയിൽ പോലും ബാങ്ക് ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറാകാത്ത ആളാണ് അനുദാസ്.

അടുത്തിടെ നമ്മുടെ ദളമായി മാറിയ രചന എപ്പോഴും സൂചിപ്പിക്കാറുണ്ട് അനുദാസിനെക്കുറിച്ച്. മാർക്കറ്റിംഗിൽ അനുദാസ് ഒരു രാജാവാണെന്നാണ് രചനയുടെ പക്ഷം. ഒരാളുടെ സ്വഭാവം അയാളുടെ ജോലിയിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് അനുദാസ്. ഒരു ഇടപാടുകാരനെ വിശ്വാസത്തിൽ എടുത്ത് ബിസിനസ്സ് നേടുകയും ഒപ്പം അയാളുടെ മൂല്യങ്ങൾക്ക് കോട്ടം തട്ടാതെ സംരക്ഷിക്കുകയും ചെയ്യുക എന്നത് അനുദാസിന് മാത്രം കഴിയുന്ന ഒരു കലയാണ്. അനുദാസിന്റെ തൊട്ടടുത്തിരുന്ന് ജോലി ചെയ്യുന്ന രചനക്ക് അനുദാസ് ഒരു റോൾ മോഡൽ ആണ്.

ഏക മകൾ ആദ്യ അനുദാസ് കാക്കനാട് മാർത്തോമാ പബ്ലിക് സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയാണ്. ക്രിക്കറ്റിലും മറ്റും ഏറെ കമ്പം ഉണ്ടായിരുന്ന അനുദാസിന് ഒരു ആൺകുട്ടി വേണമെന്നായിരുന്നു ആഗ്രഹം. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ മകളാണ് തന്റെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കിയത് എന്ന് ചിന്തയിൽ അനുദാസ് കാലത്തോട് നന്ദി പറയുന്നു.
നൃത്തത്തിലും സംഗീതത്തിലും പിയാനോയിലും വയലിനിലും ഒക്കെ ഏറെ പ്രാവീണ്യമുള്ള മകളാണ് ഇന്ന് അനുദാസിന്റെ നൃത്തത്തിലെ ഗുരു.

ഭരതനാട്യത്തിലും മോഹിനിയാട്ടത്തിലും അരങ്ങേറ്റം കഴിഞ്ഞ മകൾ ഈ ലേഖനം പ്രസിദ്ധീകൃതമാകുന്ന ദിവസം വൈകുന്നേരം ഗുരുവായൂർ അമ്പലത്തിൽ തന്റെ കുച്ചുപ്പുടി നൃത്തത്തിന്റെ അരങ്ങേറ്റം കുറിക്കുകയാണ് എന്നത് വലിയൊരു ആകസ്മികത ആയി അനുദാസ് കരുതുന്നു. ഏറെ അഭിമാനത്തോടെ.

ടിബിയെക്കുറിച്ച് പറയുമ്പോൾ അനുദാസ് വല്ലാതെ വാചാലൻ ആകും. എല്ലാവരിലും എന്തെങ്കിലും ഒരു കഴിവ് ഉറങ്ങിക്കിടക്കുന്നുണ്ട് എന്ന് വിശ്വസിക്കുന്ന ആളാണ് അനുദാസ്. പക്ഷേ അതിനെ തട്ടി ഉണർത്തി, പ്രോത്സാഹനം നൽകി പുറത്തു കൊണ്ടുവരാൻ ഒരു പ്ലാറ്റ്ഫോം ആവശ്യമാണ്. അങ്ങനെ നോക്കുമ്പോൾ തന്റെ ജീവിതത്തിലെ ഏറ്റവും മികച്ച അവസരങ്ങൾ ഉണ്ടായത് ടിബി യിലൂടെയാണ് എന്നു പറയുമ്പോൾ അനുദാസിന് വല്ലാത്തൊരു അഭിമാനം.

കൊല്ലത്തെ ടിബി മീറ്റിന് മകൾക്കൊപ്പമാണ് പങ്കെടുത്തത്. അന്നത്തെ മീറ്റിന്റെ ആവേശം അനുദാസിനെ മറ്റൊരു ലോകത്തേക്കാണ് എടുത്തുയർത്തിയത്. മീറ്റിന്റെ ആവേശ അലകൾ അതിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുന്ന നേരത്ത് ടിബിയുടെ അമരക്കാരൻ ആയ സ്വപ്നരാജ് സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ അദ്ദേഹത്തിൽ നിന്നും മൈക്ക് പിടിച്ചു വാങ്ങി അടുത്ത ടിബി മീറ്റിന് വെറും കാണിയായി അല്ല മറിച്ച് ഇതിലൊരു പങ്കാളിയായി ഞാൻ വേദിയിൽ ഉണ്ടാകുമെന്ന് പ്രസ്താവിച്ച ആളാണ് അനുദാസ്. അനുദാസ് വാക്കുപാലിച്ചു. വാക്കു പാലിക്കാൻ നിമിത്തമായത് നമ്മുടെ ടിബിയുടെ മുൻകാല ദളങ്ങൾ ആയ അനുശീലനും ലിനിൻ കെ ബേബിയും സുധിയുമാണ്.
അനുശീലന്റെ ഒരു മെഗാ പരിപാടിയിൽ ഒരു നർത്തകിയുടെ വേഷത്തിൽ എത്തി അനുദാസ് എല്ലാവരെയും ഞെട്ടിച്ചു.

ഇനി അനുശീലൻ പറയണം, സഹോദരതുല്യനായ തന്റെ പ്രിയ സുഹൃത്തിനെപ്പറ്റി.മോഹമുന്തിരി വാറ്റിയ രാവ്... എന്ന് തുടങ്ങുന്ന ഗാനത്തിലെ മാദകനർത്തകിയുടെ വേഷത്തിൽ വേദിയിലെത്താൻ ഏറെ കഷ്ടപ്പെട്ട കഥ. ശരീരഭാരം ഏതാണ്ട് 18 കിലോ വരെ കുറച്ചു, ശരീരം

മുഴുവൻ വാക്സ് ചെയ്ത് ഒരു സുന്ദരിയായി മാറിയ അനുദാസിന്റെ കലയോടുള്ള തീവ്രമായ സമർപ്പണത്തെക്കുറിച്ച് പറയുമ്പോൾ അനുശീലന്റെ വാക്കുകളിൽ സ്നേഹം നിറഞ്ഞു തുളുമ്പി. ഒരു ജോലി ഏറ്റെടുത്താൽ അതിനെ പരിപൂർണതയിലെത്തിക്കാനുള്ള ആർജവം, അതിനിടയിൽ ഉണ്ടാകുന്ന ഏത് പ്രതിസന്ധിയും സ്വയം തീർത്തെടുക്കാനുള്ള അനിതരസാധാരണമായ കഴിവ് ഇതൊക്കെ അനുദാസിന്റെ ഗുണങ്ങളാണെന്ന് അനുശീലൻ അടിവരയിടുന്നു.

അന്നത്തെ നൃത്തത്തിനൊടുവിൽ ആവേശത്തോടെ കാണികൾ തന്നെ പൊതിഞ്ഞപ്പോൾ അതിന് വേണ്ടി ഏറ്റെടുത്ത ത്യാഗങ്ങളും ബുദ്ധിമുട്ടുകളും ഒക്കെ മറന്നു എന്ന് അനുദാസ് ഓർക്കുന്നു. ഈ ഉദ്യമത്തിന് സ്വയം തയാറാകുമ്പോൾ അനുശീലൻ ഓർമിപ്പിച്ചു "നല്ലത് പോലെ ആലോചിച്ചു മതി. സ്വന്തം വ്യക്തിത്വത്തെ ഇത് ബാധിച്ചേക്കാം." എന്നാൽ എന്ത് വന്നാലും പിന്നോട്ടില്ല എന്നായിരുന്നു അനുദാസിന്റെ മറുപടി.

പിന്നീട് കോട്ടയം മീറ്റിലും അനുശീലന്റെ ഒപ്പം ഒരു ഗ്രൂപ്പ് ഇനത്തിലും ബീനാബാലകൃഷ്ണനോടൊപ്പം മറ്റൊരു നൃത്തത്തിലും അനുദാസ് കാണികളുടെ മനം കവർന്നു.

തിരുവനന്തപുരം മീറ്റിൽ സന്നിഹിതനാകാൻ കഴിഞ്ഞില്ലെങ്കിലും ആ മീറ്റിൽ അവതരിപ്പിക്കപ്പെട്ട രണ്ട് ഹ്രസ്വചിത്രങ്ങളിൽ അഭിനയിക്കാൻ അനുദാസിന് കഴിഞ്ഞു. അതിൽ മിയ എന്ന ചിത്രത്തിലെ വ്യത്യസ്തനായ ഡോക്ടറെ അവതരിപ്പിക്കുന്നതിലൂടെ ചിത്രത്തിന്റെ പ്രദർശനത്തിന് ശേഷം ധാരാളം ഫോൺ കോളുകളാണ് അനുദാസിനെ തേടിയെത്തിയത്.ഈ വരുന്ന മീറ്റിലും അനുദാസിന്റെ സാന്നിധ്യം തീർച്ചയായും ഉണ്ടാകും. ബാങ്ക് ട്രോൾ ഗ്രൂപ്പിലും സജീവമാണ് അനുദാസ്.

ടിബി എന്ന ഗ്രൂപ്പിനോട് അനുദാസിനുള്ള സ്നേഹബഹുമാനങ്ങൾ ആ വാക്കുകളിൽ മാത്രം ഒതുങ്ങുന്നില്ല. അനുദാസ് എറണാകുളത്ത് പുതുതായി പണികഴിപ്പിച്ച വീടിന്റെ ഗൃഹപ്രവേശന ചടങ്ങുകളിൽ പങ്കെടുത്തവരിൽ ഏതാണ്ട് ഭൂരിഭാഗവും ടിബി അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ആയിരുന്നു.

ടിബിയെ തന്റെ കുടുംബമായി കാണുന്ന അനുദാസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇൻഫോപാർക്ക് ശാഖയിൽ സീനിയർ അസോസിയേറ്റ് ആയ ശ്രുതിക്കും മകൾക്കുമൊപ്പം എറണാകുളത്ത് തന്നെയാണ് സ്ഥിരതാമസം. കലാരംഗത്ത് കൂടുതൽ സജീവമാകാൻ തയാറെടുക്കുന്ന ഒരു കുടുംബം. അനുദാസ് ഇനിയും ഏറെ വ്യത്യസ്തമായ വേഷങ്ങളിൽ നമുക്കിടയിൽ സജീവമാകും എന്ന വിശ്വാസത്തോടെ നമുക്ക് അനുദാസിനൊപ്പം അടുത്ത പൂരത്തിന്റെ മേളക്കൊഴുപ്പിലേക്ക് അലിഞ്ഞിറങ്ങാം.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Arya Gayathry, State Bank of India, Regional Office, Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം
--------------------------------------------------------------------------------------------------
The drumrolls have begun, announcing the next 'Pooram' of Talented Bankers. There is one artist who stood tall and captured everyone's attention during the 2023 TB Meet. In one of the mega performances led by Anuseelan, a mesmerizing beauty unexpectedly graced the stage, dancing to "Mohamunthiri Vaattiya Raavu… Sneharathiyude Raasanilaavu…" With grace that outshined seasoned dancers, with fluidity that defied expectations, and with a stunning transformation that left the audience spellbound—this is an artist we had been waiting to celebrate on a day like this. This gifted performer who touched everyone's hearts one by one, is today's Talented Banker.

Anudas
State Bank of India
Regional Office, Ernakulam

Anudas hails from a family rooted in Kollam. His father, Devadasan Pillai, worked abroad, while his mother, Padma Devi, was a homemaker. His only sister, Anuja Das, is now settled in Muscat with her family.

Anudas spent his childhood in Nedungolam, near Paravoor in Kollam district. He completed his schooling up to fourth grade at Vimala Central School, Chathannoor, and from fifth to plus two at Sreeniketan Central School, Chathannoor. A bright student, he excelled academically and secured the first rank in his school in the CBSE Class 10 examination. He was also a regular winner in school quiz competitions.

After completing his higher secondary education, Anudas pursued his long-cherished dream of joining the Indian Navy. His first posting was in Visakhapatnam, followed by Vedaranyam and then Port Blair. He then served at the NCC office in Kollam and subsequently at the Naval Headquarters in Kochi.

During his tenure in Visakhapatnam, Anudas completed both his graduation and post-graduation through distance education. He actively participated in the Vizag District Cricket League for five consecutive years from 2001 to 2005. Alongside cricket, he also proved his skills as a goalkeeper in hockey and handball. His naval career also gave him the opportunity to travel to countries like Malaysia, Singapore, Cambodia, and the Philippines.

In 2009, Anudas married Shruthi, a native of Kollam. Shruthi's father was a well-known music and dance teacher, and his Shruthi School of Music and Dance in Kollam is widely known.

After retiring from the Navy in February 2015, Anudas joined the State Bank of India in May the same year. His first posting was at the Regional Office in Ernakulam, where he continues to work in the Marketing Department even after 11 years—a testament to the bank's recognition of his capabilities.

Over the years, he has worked across car loans (4 years), education loans (3 years), and home loans (3 years), consistently emerging as a top performer and getting awarded for the same. He has even received direct appreciation from the Managing Director. During his tenure in the car loan segment, he once sanctioned loans for as many as 68 cars in a single month.

In the financial year 2025–26, Anudas alone generated a home loan business worth ₹190 crores, with ₹35 crores achieved in just the past month. Even amidst his artistic pursuits, he remains unwavering in fulfilling his professional responsibilities.

Rachana, who recently became a Talented Banker, often speaks highly of Anudas, describing him as a king in marketing. He is a fine example of how one's personality reflects in one's work—winning business through trust while never compromising on values. For Rachana, who works closely with him, Anudas is truly a role model.

Anudas and Shruthi are blessed with a daughter, Aadya, a third-grade student at Mar Thoma Public School, Kakkanad. Once an ardent cricket enthusiast who wished for a son, Anudas now reflects with gratitude on how his daughter has transformed his life. Gifted in dance, music, piano, and violin, she is, in many ways, his own guru in dance today.

Having already performed her arangetram in Bharatanatyam and Mohiniyattam, Aadya is set to perform her Kuchipudi arangetram at the Guruvayur temple today evening —a coincidence Anudas cherishes with immense pride.

When it comes to TB, Anudas becomes deeply passionate and talkative. He firmly believes that everyone has a talent lying dormant within, but it needs the right platform and encouragement to emerge. For him, TB has been that platform, offering some of the finest opportunities in his life—a matter of great pride.

He attended the Kollam TB meet with his daughter, and the energy of that gathering lifted him into another world. At the peak of that excitement, while Swapnaraj sir, TB's founder leader, was addressing the gathering, Anudas spontaneously took the mic and declared that he would return to the next meet—not as a spectator, but as a performer on stage! And he kept his word. The inspiration behind this transformation came from earlier TB members—Anusheelan, Lenin K Baby, and Sudhi. In Anusheelan's mega performance, Anudas stunned everyone by appearing in the role of a female dancer.

Recalling that journey, Anusheelan speaks with deep affection about his dear friend, almost like a brother. To portray the enchanting dancer in "Mohamunthiri Vaattiya Raavu…", Anudas underwent immense dedication—losing nearly 18 kilograms, undergoing full-body waxing, and transforming himself entirely. His commitment to art was nothing short of extraordinary.

Anusheelan highlights his determination to achieve perfection in any task he undertakes and his rare ability to overcome challenges independently.

Anudas remembers that when the audience surrounded him with overwhelming applause at the end of that performance, every hardship and sacrifice he had endured simply faded away. Before taking up this challenge, Anusheelan had cautioned him, saying, “Think carefully. This might affect your personal identity.” But Anudas stood firm—he was ready for whatever came his way.

He later captivated audiences again at the Kottayam meet with a group performance alongside Anusheelan and in another dance with Beena Balakrishnan.

Though he couldn’t attend the Thiruvananthapuram meet in person, he acted in two short films presented there. In one of them, Miya, his portrayal of a unique doctor earned him numerous calls of appreciation after its screening. His presence in the upcoming meet is something everyone eagerly looks forward to.

Anudas’s love and respect for TB go far beyond words. At the housewarming ceremony of his newly built home in Ernakulam, a majority of the attendees were TB members and their families—reflecting how deeply he considers this group his extended family.

Now settled in Ernakulam with his wife Shruthi, a Senior Associate at SBI Infopark Branch, and their daughter, Anudas continues to prepare for an even more active journey in the world of art.

With the firm belief that he will continue to surprise us with many more remarkable transformations, let us join Anudas as we move towards the vibrant crescendo of the next Pooram of Talented Bankers…